കേൾക്കേണ്ടതു്, ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. പി. രാജേന്ദ്രനുമാണു്. ആ പാലത്തിൽക്കൂടി യാത്ര ചെയ്യുന്ന ആളാണു് ഞാൻ. ശ്രീ. നാരായണൻ പറഞ്ഞതു് 100 ശതമാനം ശരിയാണു്. അതു് നേരിട്ടു് ബോധ്യപ്പെട്ടതുകൊണ്ടാണു് അദ്ദേഹം വന്നു് ആവശ്യപ്പെട്ടപ്പോൾ എത്രയും വേഗം പണി ചെയ്യണം, ആ പാലം അപകടത്തിലായാൽ ബുദ്ധിമുട്ടാണു് എന്നു് ഞാൻ ശ്രീ. മുനീറിനോടു് പറഞ്ഞതു്. ശ്രീ. നാരായണൻ തന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിലും ഞാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിലും ശ്രീ. മുനീർ അതിൻമേൽ തീരുമാനമെടുത്തു. ആ തീരുമാനം എടുത്തതിനാണു് ബഹുമാനപ്പെട്ട മുനീറിനെതിരായിട്ടു് ഇവിടെ അഴിമതി ആരോപണം ഉന്നയിച്ചതു്. എന്തുചെയ്യാൻ പറ്റും? പണി നിർത്തിവയ്ക്കാൻ ഞാൻ പറഞ്ഞു. അതു വേണോ? എം. എൽ. എ. പറഞ്ഞതു് ശരിയാണു്, അതു് ആ നാടിന്റെ ആവശ്യമാണു്, അതു് വേണോ? ഞാൻ തയ്യാറാണു്. എന്താണു് വേണ്ടതെന്നു് ശ്രീ. നാരായണൻ പറയൂ.

ശ്രീ. പി. നാരായണൻ: അങ്ങു് പാലം പണി ചെയ്യാനുള്ള നിർദ്ദേശം മരാമത്തു വകുപ്പുമന്ത്രിക്കു് കൊടുക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ വർക്കിനെ സംബന്ധിച്ചു് ഞങ്ങളുടെ അഭിപ്രായം ചോദിച്ചു. മറ്റു് വർക്കുകളൊക്കെ ഞങ്ങളം പറഞ്ഞിട്ടാണോ ചെയ്തതു്?

ശ്രീ. ഉമ്മൻചാണ്ടി: ഇതൊക്കെ അത്യാവശ്യമുള്ള വർക്കുകളാണു്. ജനങ്ങൾക്കുവേണ്ടിയാണു് ഗവൺമെന്റു്. അല്ലാതെ ഏതെങ്കിലും പട്ടവും നടപടിയും നോക്കികൊണ്ടു് കയ്യെഴിയാൻ വേണ്ടിയാണോ? ശ്രീ. പി. നാരായണൻ പറഞ്ഞു, അതു ശരിയാണെന്നു ബോധ്യപ്പെട്ടു. അതിനകത്തു് അഴിമതിയില്ലാതിരിക്കാൻ നോക്കും, ഗവൺമെന്റിനു് നഷ്ടം വരാതിരിക്കാൻ നോക്കും, പക്ഷെ ജനങ്ങൾക്കുവേണ്ടി കാര്യങ്ങൾ. സമയബന്ധിതമായിട്ടു് നടക്കണം. അതിന്റെ പേരിലാണു് വർക്കു് ചെയ്യാൻ പറഞ്ഞതു്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ആ പാലംപണി അനുവദിക്കണം.

ശ്രീ. ഉമ്മൻചാണ്ടി: ശ്രീ. കെ. പി. രാജേന്ദ്രനും പറഞ്ഞ സ്ഥിതിക്കു് ആ വർക്കു് തുടരുന്നതാണു്. സ്റ്റേ വെക്കേറ്റു് ചെയ്തേക്കാം.

മി. സ്പീക്കർ: വർക്കു് തുടങ്ങിയാൽ മാത്രം പോരാ. അങ്ങിപ്പാത പോലെ സമയബന്ധിതമായി തീർക്കണം.

(13) മഞ്ചേരി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യൽ

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ദരിദ്രരായ വിദ്യാർത്ഥികൾക്കു് പഠനം നിർത്തേണ്ടിവരുന്ന സാഹചര്യത്തിലേക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണു്. സ്വാശ്രയ കോളേജുകളോ മെഡിക്കൽ. കോളേജുകളോ എഞ്ചിനീയറിംഗു് കോളേജുകളോ അല്ല ഞാൻ ചോദിക്കുന്നതു്. എൽ. പി. സ്കൂളിൽ നിന്നു് യു. പി. സ്കൂളുകളിൽ പഠിക്കാൻ വേണ്ടിയാണു്. കഴിവില്ലാത്തതിന്റെ പേരിൽ ഉച്ചക്ഷണം കഴിക്കാനില്ലാത്തതിന്റെ പേരിൽ ബസ്സിനും കാറിനും കാശു കൊടുക്കാനില്ലാത്തതിന്റെ പേരിൽ ആദിവാസികളടക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളും പഠനം നിർത്തി, ഇത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് എൽ.പി. സ്ക്കൂളുകളും യു. പി. സ്ക്കൂളുകളാക്കി ഉയർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഊർങ്ങാട്ടിരി പഞ്ചായത്തിലെ തെഞ്ചേരി സ്ക്കൂളും, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ തോട്ടുപൊയ്ലി സ്ക്കൂളും, ചീക്കോട് പഞ്ചായത്തിലെ വാഴോട്, പുൽപ്പറ പഞ്ചായത്തിലെ പുക്കുളത്തൂർ, കുഴിമണ്ണ, അരീക്കോട് പഞ്ചായത്തിലെ പുത്തലം തുടങ്ങിയ എൽ. പി. സർക്കാർ സ്ക്കൂളുകളും യു. പി. സ്ക്കൂളാക്കി ഉയർത്തണമെന്നും അതുപോലെ രണ്ടു-മൂന്ന് ഹൈസ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കുകയും വേണം. അതിനടുത്തൊന്നും വേറെ ഗവൺമെൻറ് ഹൈസ്ക്കൂളുകളില്ല. പാവപ്പെട്ട വിദ്യാർത്ഥികൾ എവിടെപ്പോകും? ഒരു ഹൈസ്കൂൾ അടുത്തുണ്ട്. പക്ഷേ അവിടെ പഠിക്കാനുള്ള അംഗീകാരം മാത്രമേ ചെയ്തിട്ടുള്ളൂ. ബിൽഡിംഗ് ചോദിക്കുന്നില്ല, ശമ്പളം ചോദിക്കുന്നില്ല, അംഗീകാരം കൊടുക്കാൻ അങ്ങ് എന്തിനാണ് മറ്റുള്ളവരെ പേടിക്കുന്നത്? സി. എച്ച്. മുഹമ്മദ്കോയ സാഹിബ്ബിന്റെ പിൻഗാമിയാണ് അങ്ങ്. ഇന്ത്യക്ക് അഭിമാനമുണ്ടാക്കിയ എഡ്യൂസാറ്റ് ആദ്യമായി കേരളത്തിൽ സംപ്രേഷണം ചെയ്ത, എന്നും വിദ്യാഭ്യാസ രംഗത്ത് വെളിനക്ഷത്രം പോലെ പ്രകാശം ചൊരിയുന്ന ഒരു മന്ത്രിയാണ് അങ്ങെന്ന് ഓർക്കണം. അങ്ങ് ഞങ്ങളുടെ അഭിമാനമാണ്. ഈ സ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കണം, എൽ. പി. സ്ക്കൂളുകൾ യു. പി. സ്ക്കൂളുകളാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, മഞ്ചേരി സബ് ജില്ലയിൽ 106-ഉം കോഴിക്കോട് സബ് ജില്ലയിൽ 53-ഉം അരീക്കോട് സബ് ജില്ലയിൽ 63-ഉം സ്ക്കൂളുകളാണുള്ളത്. അപ്ഗ്രേഡ് ചെയ്യാൻ വേണ്ടി ഗവൺമെൻറ് സ്ക്കൂളുകളിൽ നിന്ന് പ്രൊപ്പോസൽ വന്നത് കുഴിമണ്ണ, തോട്ടുപൊയിൽ, തഞ്ചേരി, തേവരപ്പറമ്പ്, കൂട്ടശ്ശേരി, ചമ്പക്കാട്ടൂർ, വെട്ടിക്കാട്, മാമ്പുഴ, പൂക്കുറ്റി, പാണ്ടിക്കാട്, വെട്ടിക്കാട്ടിരി, കരിമ്പം, ആനക്കയം, കടുങ്ങല്ലൂർ, മുതുവല്ലൂർ, വെറ്റിലപ്പാറ, തൂവക്കാട്, പെരികമണ്ണ എന്നിവിടങ്ങളിൽ നിന്നാണ്. ഗവൺമെൻറ് സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് തീർച്ചയായും ബഹുമാനപ്പെട്ട എം. എൽ. എ. പറഞ്ഞ കാര്യത്തിന് മുൻഗണന കൊടുക്കുന്നതാണെന്ന് അറിയിക്കുകയാണ്. എഡ്യൂസാറ്റിനെക്കുറിച്ച് പറഞ്ഞു. എഡ്യൂസാറ്റ് ശരിക്കും ഡയറക്ടിലാണ് എല്ലാ സ്ഥലത്തും സെൻറർ കൊടുത്തത്. ഡയറക്ട് മലപ്പുറം ജില്ലയിൽ എന്റെ മണ്ഡലത്തിലാണ്. പക്ഷേ അദ്ദേഹം കാണിക്കുന്ന ഉൽസാഹം കണക്കിലെടുത്തുകൊണ്ട് മഞ്ചേരിയിലാണ്, എഡ്യൂസാറ്റിന്റെ മലപ്പുറം ജില്ലയിലെ സെൻറർ കൊടുത്തത്. അദ്ദേഹത്തിന്റെ നന്മ വിചാരിച്ചാണ്. ഈ കാര്യങ്ങളും അനുകൂലമായി പരിഗണിക്കുന്നതാണ്.

(14) സഹകരണ അക്കാഡമിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് നിരക്ക്

ശ്രീ. കെ. പി. മോഹനൻ: സർ, വളരെ genuine ആയ ഒരു സബ് മിഷനാണിത്. മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ കോളേജുകളിലുള്ള ഫീസല്ല ഈടാക്കുന്നത്. സഹകരണ

LIBRARY ARCHIVES Kerala Legislative Assembly